# മഹാത്മാഗാന്ധി സർവ്വകലാശാല

2018 സെപ്റ്റംബർ 24

## രാജ്യത്തെ മികച്ച സർവ്വകലാശാലകളുടെ പട്ടികയിൽ എം.ജി.യും; റാങ്കിങ്ങിൽ 11-ാം സ്ഥാനത്ത്

രാജ്യത്തെ മികച്ച സർക്കാർ സർവ്വകലാശാലകളെ കണ്ടെത്താൻ ഇന്ത്യാ ടുഡേ - എം.ഡി.ആർ.എ. നടത്തിയ റാങ്കിങ്ങിൽ എം.ജി. സർവ്വകലാശാലയ്ക്ക് 11-ാം റാങ്ക് ലഭിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. മികച്ച ആദ്യ 20 സർവ്വകലാശാലകളിൽ കേരളത്തിൽ നിന്ന് എം.ജി. സർവ്വകലാശാലയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. മതിപ്പ്, ഭരണനിർവ്വഹണം, അക്കാദമിക ഗവേഷണ മികവ്, അടിസ്ഥാന സൗകര്യങ്ങൾ, പേഴ്സണാലിറ്റി ലീഡർഷിപ്പ് ഡെവലപ്മെന്റ്, കരിയർ പ്ലെയ്സ്മെന്റ് എന്നിവയിലെ മികവാണ് വിലയിരുത്തിയത്. ഒന്നാം സ്ഥാനം ഡൽഹി ജെ.എൻ.യു.വിനാണ്. രാജ്യത്തെ മികച്ച പത്ത് സർവകലാശാലകളിൽ ഒന്നായി എം.ജി. സർവകലാശാലയെ മാറ്റിയെടുക്കാനാണ് ശ്രമമെന്ന് വൈസ് ചാൻസലർ പറഞ്ഞു. 2000ൽ 1423.3 സ്കോർ നേടിയാണ് എം.ജി. സർവ്വകലാശാല ഈ നേട്ടം കൈവരിച്ചത്.